# *വ്യാജ വാർത്തകൾക്കെതിരേ ജാഗ്രത വേണം: മാർ ആൻഡ്രൂസ് താഴത്ത്*



തൃശൂർ: വ്യാജ വാർത്തകൾക്കെതിരേ കരുതൽ വേണമെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകയിലേയും പിആർഒ മാരുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മദർ തെരേസ പോലുള്ള നന്മയുടെ പ്രതീകങ്ങളെ തകർക്കുന്ന ദുരവസ്ഥയാണ് നാം അഭിമുഖീകരിക്കുന്നത്. മതമർദനത്തിന്റെ പുതിയ രൂപങ്ങളാണ് നമുക്കു ചുറ്റും വളരുന്നത്. മാധ്യമങ്ങൾ സമാധാനദൂതരാകണം. സഭയും സഭയോടു ചേർന്നു പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളും സമൂഹത്തിനു നല്കുന്ന നല്ല സേവനങ്ങളെ ജനങ്ങൾക്കിടയിൽ അവതരിപ്പിക്കാൻ പിആർഒമാർക്കു കഴിയണമെന്നും ആർച്ച്ബിഷപ് വ്യക്തമാക്കി.

വികാരി ജനറൽ മോൺ ജോർജ് കോമ്പാറ അധ്യക്ഷനായി. അതിരൂപതാ പബ്ലിക് റിലേഷൻ വിഭാഗം ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, പ്രസിഡന്റ് ജോർജ് ചിറമ്മൽ, സെക്രട്ടറി എ.ഡി. ഷാജു, ദീപിക ബ്യൂറോ ചീഫ് ഫ്രാങ്കോ ലൂയിസ്, മംഗളം റസിഡന്റ് എഡിറ്റർ ജോയ് മണ്ണൂർ, ജോഷി വടക്കൻ, ബാബു ചിറ്റിലപ്പിള്ളി, ടോജോ മാത്യു, ഷിന്റോ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

അതിരൂപത മാധ്യമദിനം ജൂലൈ 28 ന് ഉച്ചയ്ക്കു 2ന് തൃശൂർ സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ നടക്കുമെന്ന് ഫാ. നൈസൻ ഏലന്താനത്ത് അറിയിച്ചു.